**പത്രക്കുറിപ്പ്**
**25-3-2018**

## കെട്ടിടങ്ങൾക്കു നിറം പകരാൻ
## ഇനി കുടുംബശ്രീയുടെ പെയിന്റിങ്ങ് യൂണിറ്റുകൾ

തിരുവനന്തപുരം: കെട്ടിട നിർമാണ മേഖലയിൽ വിജയം കൈവരിച്ചതിനു പിന്നാലെ കുടുംബശ്രീ വനിതകൾ പെയിന്റിങ്ങ് രംഗത്തും സജീവമാകുന്നു. എറണാകുളം ജില്ലയിൽ രൂപീകരിച്ച നിറക്കൂട്ട് പെയിന്റിങ്ങ് യൂണിറ്റിലെ വനിതകളാണ് പുതിയ തൊഴിലിൽ ശ്രദ്ധേയ നേട്ടം കൈവരിക്കുന്നത്. രണ്ടു വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ച യൂണിറ്റ് ഇതുവരെ ഇരുപതോളം ഫ്ളാറ്റുകളിൽ പെയിന്റിങ് ജോ ലി ഏറ്റെടുത്ത് നടപ്പാക്കുകയും ഇരുപത്തിയഞ്ച് ലക്ഷം രൂപയോളം വരുമാനം നേടുകയും ചെയ്തു കഴിഞ്ഞു.

കെട്ടിട നിർമാണ മേഖലയിലും ഹോളോ ബ്രിക്സ് നിർമാണ മേഖലയിലും കുടുംബശ്രീ യൂണി റ്റുകൾ കൈവരിച്ച മുന്നേറ്റത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടാണ് വനിതാ പെയിന്റിങ്ങ് യൂണി റ്റുകളും തുടങ്ങിയിട്ടുള്ളത്. എല്ലാ ജില്ലകളിലും പദ്ധതിയിൽ ചേരാൻ താൽപര്യമുള്ള അയൽക്കൂട്ട വനിതകളെ കണ്ടെത്തിക്കൊണ്ടിരിക്കുകയാണ്. ഇതു പ്രകാരം കോട്ടയം ജില്ലയിൽ പുതിയ യൂണിറ്റു കൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവർക്ക് പരിശീലന വും നൽകി. സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ രൂപീകരിക്കുന്ന പെയിന്റിങ്ങ് യൂണിറ്റുകൾക്ക് പുറത്തെ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു ലഭിക്കുന്ന വർക്കുകൾക്കു പുറമേ, സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പെയിന്റിങ് ജോലിയും ലഭിക്കും.

സംസ്ഥാനത്ത് ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി രണ്ടര ലക്ഷത്തോളം ഭവനങ്ങളാണ് നിർമിക്കുക. ഇവയുടെ നിർമാണം പൂർത്തിയാകുന്ന അവസരത്തിൽ ഈ മേഖലയിൽ പെയിന്റിങ്ങുമായി ബന്ധപ്പെട്ടുണ്ടാകുന്ന ബൃഹത്തായ തൊഴിൽ അവസരങ്ങളും പരമാവധി പ്രയോജ നപ്പെടുത്താൻ കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇതോടൊപ്പം പെയിന്റിങ്ങ് യൂണിറ്റുകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും വരുമാനവും ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുമായുള്ള സംയോജനവും കുടുംബശ്രീ ഉറപ്പു വരുത്തും. സംരംഭം തുടങ്ങുന്നതിനാവശ്യമായ വായ്പയും സബ്സിഡിയും നൽകുന്നതോടൊപ്പം നൂതനമായ പദ്ധതികൾക്കുള്ള ഇന്നവേഷൻ ഫണ്ടും നൽകും. പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതാണ് പുതിയ പദ്ധതി. തുടർന്നാണ് എല്ലാ ജില്ലകളിലും ഇത്തരം യൂണിറ്റുകൾ തുടങ്ങാനുള്ള തീരുമാനമാ യ ത്. ജില്ലയിലെ അയൽക്കൂട്ട വനിതകളിൽ നിന്നും അഭിമുഖത്തിലൂടെ അഭിരുചിയും താൽപര്യവുമു ള്ളവരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ഇതു പ്രകാരം വാഴക്കുളം, വെങ്ങോല എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുത്ത പത്തു വനിതകൾക്ക് പെയിന്റിങ്ങിലും അനുബന്ധകാര്യങ്ങളിലും രണ്ടു മാസത്തെ തീവ്ര പരിശീലനം നൽകി. ഇതിന് ശേഷം ഇവരിൽ നിന്നും സൂക്ഷ്മസംരംഭം ആരംഭിക്കാൻ താൽപര്യം പ്രകടിപ്പിച്ച അഞ്ചു പേരെ ഉൾപ്പെടുത്തി നിറക്കൂട്ട് എന്ന പേരിൽ സംരംഭം ആരംഭി ക്കുക യായിരുന്നു. പുരുഷൻമാർ ചെയ്യുന്നതു പോലെ ഉയരമുള്ള കെട്ടിടങ്ങളിൽ വടം കെട്ടി അതിൽ നിന്നു കൊണ്ട് പെയിന്റു ചെയ്യാനും ഇവർക്ക് കഴിയും.

പ്രതിദിനം ആയിരം രൂപയ്ക്കടുത്താണ് ഓരോ യൂണിറ്റ് അംഗത്തിന്റെയും വരുമാനം. പുതിയ വർക്കുകൾ ഏറ്റെടുക്കുന്നതിനായി സൈറ്റുകൾ നേരിൽ കണ്ട് അളവെടുക്കുന്നതും ക്വട്ടേഷൻ നൽകുന്നതുമെല്ലാം യൂണിറ്റ് അംഗങ്ങൾ നേരിട്ടാണ്. ബഹുനില കെട്ടിടങ്ങളുടെ വർക്ക് ഏറ്റെടുക്കുമ്പോൾ മാത്രമാണ് ഇവർ പുറത്തു നിന്നും വിദഗ്ധരുടെ സഹായം തേടുന്നത്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**